# സ്നാപകചരിതം

ആട്ടക്കഥ

ക്രൈസ്തവപുരാണത്തിലെ ഒരു കഥയെ
ആസ്പദമാക്കി രചിച്ചതു്.

—ഒ. എം. സി.

T61
N16

Re. 0. 40

# ഒ. എം. സി. യുടെ കൃതികൾ

---

1. വെല്ലുവിളി (കവിതാസമാഹാരം)
2. കണ്ണീർ മൊഴി ,,
3. ഭാരതജനനി കസ്തൂർബാ (ജീവചരിത്രം)
4. ഗാന്ധിചരിതം (തുള്ളൽ)

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

മംഗളോദയം,

തൃശ്ശൂർ.

# സ്നാപകചരിതം.

ആട്ടക്കഥ

❖ ❖

❖

DHARMARAM COLLEGE LIBRARY, BANGALORE
14755
T61
N16
NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

കെ. എം. സി. നാരായണൻ നമ്പൂതിരിപ്പാട്,
വെള്ളിനേഴി.

കോപ്പി— 1000. 1952

പകപ്പവകാശം കവിക്ക്

പരിഷന്മുദ്രണാലയം,
എറണാകുളം.

[വില എട്ടണ:

“സർവ്വമതങ്ങളുടേയും സാരസർവ്വസ്വമായ ധർമ്മത്തെ സമാദരിക്കുന്ന ഒരു മനുഷ്യസ്നേഹിയാണ്. എൻെറ ശ്രേഷ്ഠസുഹൃത്തായ കെ. എം. സി. ക്രൈസ്തവകഥയെ അവലംബിച്ച് പ്രതിഭാശാലിയായ കവി രചിച്ച സ്നാപകചരിതം എന്ന പുതിയ ആട്ടക്കഥ സങ്കീർണ്ണമായ സംസ്കാരത്തോടുകൂടിയ നമ്മുടെ നാടിന് ഗണ്യമായ ഒരു സംഭാവനയായിരിക്കും; സംശയമില്ല. കഥകളി ഹൈന്ദവസംസ്കാരത്തിൻെറ പ്രചാരണത്തിനുള്ള ഉപകരണമാണെന്ന് ചിലരുടെ ഇടയിലെങ്കിലും കടന്നുകൂടിയിട്ടുള്ള സംശയത്തിന്ന് ഈ കൃതി പൂർണ്ണവിരാമമിടുമെന്ന് ഞാൻ ആശിക്കുന്നു. ആ നാട്യകലയുടെ വളർച്ചയ്ക്കും പ്രചാരത്തിനും ഇതു സഹായമായിത്തീരും.

രസം, വേഷവൈചിത്ര്യം, രംഗപ്ര യോഗാൎഹത മുതലായ വിഷയങ്ങളിൽ കെ. എം. സി. ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. ഒന്നുരണ്ടുമണിക്കൂർകൊണ്ട് അഭിനയി ക്കാവുന്നതാണ് ഈ ചെറിയ ആട്ടക്കഥ. കെ. എം. സി. ക്ക് അനേകം അനുക ൎത്താക്കളുണ്ടാകുമെങ്കിൽ ആട്ടക്കഥാസാ ഹിത്യത്തിലും ഒരു നവോത്ഥാനമു ണ്ടാവാം.

—ജി ''

# പ്രസ്താവന

ചില ക്രിസ്ത്യൻസഹൃദയന്മാർ ഒരു ക്രൈസ്തവകഥ, കഥകളിരംഗത്തിൽ ആടിപ്പാടിക്കണ്ടാൽ കൊള്ളാമെന്ന് തന്നോടു പറഞ്ഞതനുസരിച്ച്, സുപ്രസിദ്ധ കഥകളിഗായകനായ ശ്രീ നീലകണ്ഠൻനമ്പീശൻെറ ആവശ്യപ്പെടലാണ് ഈ ആട്ടക്കഥാനിർമ്മാണത്തിനുള്ള പ്രഥമപ്രചോദനം. എൻെറ പരിമിതപരിജ്ഞാനം വെച്ചുകൊണ്ട് നോക്കിയതിൽ, യോഹന്നാൻെറ കഥ, ഈ കലാരംഗത്തിൽ ഇണങ്ങിനിൽക്കുമെന്നു തോന്നി. എൻെറ പരിശ്രമം വിജയമായോ എന്ന് ക്രൈസ്തവപുരാണജ്ഞന്മാരും, കഥകളിപ്രേമികളും തീർച്ചയാക്കേണ്ടതാണ്.

ഇതിലെ പാട്ടുകൾ രാഗപ്പെടുത്തി, താളപെടുത്തി, ചിട്ടപ്പെടുത്തിത്തന്നതു് ശ്രീ നീലകണ്ഠൻ നമ്പീശനും, എൻെറ അനുജൻ ഒ. എം. വാസുദേവൻ നമ്പൂതിരിപ്പാടും കൂടിയാണെന്നതു് പ്രസ്താവയോഗ്യമാണ്.

—ഗ്രന്ഥകർത്താവ്

# സ്നാപക ചരിതം

---

വന്ദന ശ്ലോകം

കേദാരഗൗളം

ക്ഷതേ, ധർമ്മേ, യോജസ്ത്രിജഗദവനം
കർത്തുമുദിതഃ
സ്വകം രക്തം ദത്വാ ജഗദഘമഹൻ
പുണ്യ ചരിതഃ
സ കന്യാപുത്രോയം പതിതസുജന
ത്രാണനിരത-
ശ്ചിദേകാത്മാ പാതു വ്യസനവിവശം
ലോകമനിശം!

## രംഗം ഒന്ന്

കാംബോജി-ചെമ്പട

ആസീൽ പുരാ 'ഗലിലിയാ'ഭിധ പുണ്യദേശേ
രാജാ 'ഹിരോദ' ഇതി കാമവിമൂഢചേതാഃ
ഭോഗേപ്സയാ സ്വസവിധോപഗതാം ഹിരോദ്യാം
ഭ്രാതുഃപ്രിയാം മധുരമേവമുവാച വാചം

രാജാവു്:—

സോമസുന്ദരമുഖി–കാമമോഹനതനോ
മാമകസവിധത്തി–ലോമനേ വന്നാലും!
അന്നു നൽപ്പൂന്തോട്ടത്തിൽ–നിന്നു പൂവറുക്കുമ്പോ–
ളൊന്നുനീ കടാക്ഷിച്ചതെന്നുഞാൻ മറന്നിടും!

സുന്ദരി, വെടിഞ്ഞു നീ–ഹീനനാമനുജനെ
ട്ടീനതയെന്യേ നമു–ക്കാനന്ദമണച്ചല്ലോ.
പ്രിയഭാഷിണിനിങ്കൽ–പ്രയതപ്രേമത്തോടെ
നിയതം മമ ചിത്തം–കേവലം ലയിക്കുന്നു.

ലോലാംഗി, നിനക്കെന്നും–ലീലാപൂരുഷനീ ഞാൻ
വേലാതിഗോദ്യൽകാമ–മാലാണ്ടു കുഴങ്ങുന്നു
സാദരം നമിയ്ക്കുന്നേൻ–പാദപങ്കജങ്ങളിൽ,
മോദത്താൽ വരിച്ചാലും–പാദദാസനാണീ ഞാൻ

ഹിരോദ്യ

യദുകുലകാംബോജി—ത്രിപുട

മദനമനോമോഹന,–മദകര, മതിഹര
മനുജേശ നീതാനെന്നും–മനോനാഥൻമേ.

മുമ്പുതന്നെ കാമിച്ചേൻ–വമ്പനാം നിൻസംഗമം;
സാമ്പ്രതമബ്ഭാഗ്യമിന്നേ–സംഭവിച്ചുള്ളു.

നീചനവനിൽനിന്നു-മോചനം തന്നതിനാ-
ലാചരിയ്ക്കാം കാമിത-മാജീവനാന്തം

തേന്മാവിനോടുചേരും-മേന്മയിൽ മുല്ലവള്ളി
നന്മ നന്മയോടിണങ്ങും-നമ്മളെപ്പോലെ.

ഹാവഭാവലാസ്യത്താൽ-ദേവലോകസുഖം
ദേവ, ഞാനണച്ചോളാം-താവകഹൃദയത്തിൽ.

ഒന്നുഞാൻ പറയുന്നി-തിന്നുതൊട്ടിഗ്ഗൃഹത്തി-
ലെന്നുംകാലുകുത്തിടൊല്ലാ-മറെറാരുനാരിയും.

ഇന്നുതൊട്ടുറാണിഞാ-നിന്നുമുതലെൻ രാജ്യ-
മിന്നിമേലിൽ സ്വാമിനിഞാൻ-മന്നിനുമുററം

അസപത്നം ഭോഗമദ്യ-മാനാസംകുടിച്ചു നാം
മദിയ്ക്കുക, ലയിയ്ക്കുക മരിയ്ക്കുവോളം!

രാജാവ്:—

ധനാശി—ചെമ്പട

സർവ്വാഭീഷ്ടവുമേകീടുന്നോൻ
സാർവ്വാശ്ചര്യമനോഹരരൂപേ!
ചർവ്വിതചർവ്വണമെന്തിനു നീതാ-
നുർവ്വീനാഥ, നമുക്കുംനാഥ.

ഖേദംവേണ്ട, സപത്നീമത്സര-
മേതും ദേവി, നിനക്കില്ലെന്നും
ബാധാഭൂതയവൾക്കിവിടത്തിൽ-
സ്സാധിയ്ക്കില്ല കടപ്പാൻ മേലിൽ.

## രംഗം രണ്ട്

### സൗരാഷ്ട്രം—ചെമ്പട

'യോർദ്ദാൻ' നദീതീരഗതേ, പവിത്രേ,
ശാന്താശ്രമേ, സന്തതശാന്തശീലഃ
യോഹന്നനാമാ ശതശിഷ്യയുക്തോ
മഹർഷിരാസീ,ന്നരധർമ്മവാദീ

യോഹന്നൻ:

സത്യമേ ചെല്ലീടാവൂ - കൃത്യമേ ചെയ്തീടാവൂ
നിത്യമേ കാംക്ഷിയ്ക്കാവൂ - സ്തുത്യമേ വന്ദിയ്ക്കാവൂ
മിഴിയും മനതാരും - മൊഴിയുമെല്ലായ്പ്പോഴും
വഴിയും സ്നേഹത്തിൽത്താ - നൊഴിയാതുറയ്ക്കേണം

മഴയും വെയിലുംപോ - ലഴലും സുഖവുമി-
പ്പഴയ പ്രപഞ്ചത്തിൽ - പ്പഴുതേ, വരും, പോകും
ഒഴുകിപ്പായുന്നോരീ - പ്പുഴയിൽ നമുക്കൊന്നേ-
ത്തുഴ, - യസർവ്വേശ്വരൻെറ - കഴലാണെല്ലാപേർക്കും

ശിഷ്യന്മാർ

സാവേരി—മുറിയടന്ത.

ആഗമശാഖകൾ ഘോഷിയ്ക്കുന്ന
ഭാഗധേയം വന്നണഞ്ഞീടുമ്പോൾ
ആഗമിയ്ക്കുമൊരു ദൈവദൂത-
നാഗസ്സകററുവാൻ സൎവ്വശക്തൻ!

സോമാക്ശാന്തിതേജസ്സിയലും
ധീമാനവിടുന്നാ ദൂതനാണോ?
സാധാരണേതരം തൽപ്രഭാവം
സാധകർ, ഞങ്ങളോടോതിയാലും!

യോഹന്നൻ:

അഠാണ—മുറിഅടന്ത

പാപശാന്തിയ്ക്കു നിങ്ങളെയൊക്കെ ഞാൻ
സ്നാപനം ചെയ്‌വൂ കേവലമംഭസ്സിൽ
താപഹാരിവരുന്നുണ്ടു മററൊരാൾ
പാപമോചനം ലോകത്തിനേകുവാൻ.

അപ്പരിശുദ്ധ ദൈവപുത്രോത്തമൻ
സൽപ്പഥത്തിൽ നയിയ്ക്കുമിപ്പാരിനെ,
ദൈവസ്നേഹജലത്തിൽക്കുളിപ്പിയ്ക്കും
പാവനനവിടുന്നു ജനങ്ങളെ.

ആ മഹാൻെറ ചെരുപ്പ ചുമക്കവാ-
നീ മർത്ത്യനില്ലയോഗ്യതയേതുമേ.

ശ്ലോകം: കല്യാണി—പഞ്ചാരി

ഏവംശിഷ്യയുതേ, സരിൽപ്പരിസരേ
പുണ്യാശ്രമേ സംസ്ഥിതേ,
യോഹന്നേ, നിയതേന്ദ്രിയേ, ശമധനേ,
സംസ്നാപനവ്യാപ്യതേ,
സർവ്വജ്ഞോപി ഗുരോർന്നികേതമഗമൽ
ക്രിസ്തുഃ കൃതാത്മാ, ശുചിർ-
ജ്ഞാനസ്നാനകൃതേ മുദാ ജഗധധി-
ത്രാതാപി നിസ്സാരവൽ.

ക്രിസ്തു:

ദേശികവര, പാപമോചന-
മാശിച്ചുവന്നു നില്പൂ ഞാൻ;
പാപാവഹമാം ജ്ഞാനതീർത്ഥത്തിൽ
സ്നാപനം ചെയ്യുകെന്നേയും.

യോഹന്നാൻ:

മോഹനം—ചെമ്പട

ഹന്ത, ഭവാനെ ഞാനെത്രനാളാ-
യന്തരംഗത്തിൽക്കാക്കുന്നു;
അങ്ങയിൽനിന്നെനിയ്ക്കു കിട്ടേണം
മംഗളജ്ഞാനസ്നാപനം.

താവകദിവ്യാവതാരത്തിൻെറ
പാവനവാർത്ത, ലോകത്തിൽ,
അമ്പിലറിയിച്ച കാത്തുനില്പാൻ
മുമ്പിറങ്ങിയ ദൂതൻ ഞാൻ.

ക്രിസ്തു:

എന്തർത്ഥിതമിന്നേകേണം, ദേവ
സന്തതമതു കർത്തവ്യം;
ലോകനീതികളാചരിയ്ക്കേണം
ലോകാഗതന്മാരേവരും.

എടശ്ലോകങ്ങൾ — ഇന്ദളം.

ഏവ മുക്തേന മുനിനാ
യോഹന്നേന, നദിജലേ
സ്നാപിതോ ഭഗവാൻ രേജേ-
സ്സഹധർമ്മപ്രവാചക:

തദാ പരാത്മാ സുകപോതവേഷ:
കിലോപവിഷ്ടസ്തദീയമൂർദ്ധ്നി;
"അയം ഹി മേ വത്സലസുന്ദരസ്മിൻ
പ്രീതോസ്മ്യ്"ഭൂദിത്യശരീരിവാക്യം.

യോഹന്നാൻ

മദ്ധ്യമാവതി — ചെമ്പട

ശിഷ്യരേ, ലോകജനങ്ങളേ, കാണുവിൻ
പഷ്യദൈശചര്യ്യം പുണരുമീ മർത്ത്യനെ!

ആരുടെമാഗ്ഗമടിച്ചുതളിയ്ക്കുവാൻ
കോരിത്തരിപ്പോടുകൂടി ഞാൻ വന്നുവോ
ആ മഹാദിവ്യ മഹസ്സിതാ, കൂപ്പുവിൻ
ഹാ! മഹാഭാഗ്യം! നമസ്കരിച്ചീടുവിൻ!

## രംഗം മൂന്നു്

ബലഹരി—ചെമ്പട.

രാജാ ത്യക്തപാ സപജായാമനുജദയിതയാ
സാദ്ധമാമത്തചിത്തോ-
നില്ലജ്ജഃ കാമകേളീമഹനി നിശി തനോ-
തീതി വാത്താം നിശമ്യ,
ചാരിത്രത്രാണദീക്ഷാദിഷുവിധിഷുപരം
നീഷ്ഠിതാത്മാ മഹഷി-
യ്യോഹന്നോഭ്യേത്യഭൂപം, നിശിതമപിനയാൽ
സൂനൃതാം വാചമൂചേ.

യോഹന്നൻ.

കഷ്ടം, കഠിനം! നീ ചെയ്യതെന്തൊരു
ദുഷ്ടത! നീയൊരു രാജാവല്ലേ?
മാതൃകയാവണം ഭൂപൻ പ്രജകൾക്കു
മാതാവു കുട്ടികൾക്കെന്നപോലെ.

ഇന്നു നീ ചെയ്യുന്ന ദുഃശ്രവമായൊരു
ദുൎന്നീതികേട്ടു ഞാൻ ഞെട്ടിപ്പോയി!
സത്യം പറയുന്നതപ്രിയമെങ്കിലും
കൃത്യത്തിൽനിന്നു പിന്മാറീടാമോ?

രാജാവ്:—

നാഥനാമക്രിയ—ത്രിപുട.

മാമറക്കര കണ്ടുനില്പൊരു
മാമുനീന്ദ്ര, നമോസ്തുതേ!

നിന്മഹത്വമറിഞ്ഞു സാദര-
മെന്മനസ്സിലുറച്ചു ഞാൻ
നന്മയേന്തിയ മാൎഗ്ഗഭൂമിയിൽ-
നിൎമ്മമം നടകൊള്ളുവാൻ.

അന്പെഴും പ്രണയത്തിനാൽ നവ
ദമ്പതിത്വമണഞ്ഞവർ,
ഞങ്ങളിന്നവിടുന്നരുളുന്ന-
സമ്മതത്തിനു കാംക്ഷികൾ.

യോഹന്നാൻ:—

ശഹന—മുറിയടന്ത

ഭൂപ, നീയുപായത്തിൽ-പ്പാപം മറയ്ക്കുന്നു
ചാപല്യമറിഞ്ഞുഞാൻ കോപമില്ലെനിക്കേതും
അനുകമ്പയാലാൎദ്രം മാനസമെനിയ്ക്കെന്നാ-
ലനുവാദമേകില്ല നിന്ദ്യവൃത്തിയ്ക്കെന്നും

കുടിലമതിയാം നീ-കുലനാരിയെവിട്ട
കുലടയൊരുത്തിയെ-കുത്സിതമെടുത്തില്ലേ!
പതിദേവതയെ വി-ട്ടതിപാപിനിയാമീ=
പ്പതിപാതിനിയെ നീ പരിചിൽ വരിച്ചതിൽ
പതിധർമ്മവും ഭ്രാതൃ-പദവും ദൂഷിപ്പിച്ചു
പതിച്ചുപോയല്ലോ, ഹാ!-പഴതേ പാപകണ്ടിൽ
കാരുണ്യവികാരവും-ദാരുണവിചാരവും
ക്രൂരത മുടക്കുവാൻ-ചാരേ വന്നില്ലല്ലീ?

വന്നതു വന്നല്ലോ-ഇന്നുതൊട്ടെന്നാകിലും
ബന്ധുരധർമ്മത്തിൽ-സ്സന്തതം ചരിച്ചാലും
മാനവനല്ലോ നീയും-മാനസാന്തരം വന്നു
മാറിയാൽ നന്നായല്ലോ-ഞാനിതാ മടങ്ങുന്നേൻ.

ശ്ലോകം. മുഖാരി—ചെമ്പട.

യോഹന്നവാക്യാനി നിശമ്യ രാജാ
വിഷാദസംക്രാന്തിവിശങ്കിതാത്മാ
പ്രിയാപ്രിയം കർത്തുമനീശചേതാ-
ശ്ചിന്താമവാപ്നോദ്വിപരീതബുദ്ധിഃ

രാജാവ്:— (വിചാരം)

രാജാവു ഞാനെന്നു, മെൻപ്രിയഭാമിനി
രാജീവലോചന റാണിയെന്നും സ്വയം
നേരായറിഞ്ഞിട്ടു മീവിധം ചൊൽവവൻ
പേരാന്ന യോഗിയോ, കേവലം ഭ്രാന്തനോ

നാട്ടുകാരെല്ലാമിവന്നനുകൂലികൾ ;
കാട്ടുന്നതുണ്ടു പലതരമത്ഭുതം;
പാട്ടിലൊതുക്കുവാൻ ബുദ്ധിമുട്ടാ,ണിവൻ
നാട്ടിൽ നടന്നാൽക്കുഴപ്പമാകില്ലയോ !

പേടിയുമുണ്ടെനി,യ്യെന്തൊക്കെയോ ശക്തി
കൂടിയോനാണിവൻ, കുളനല്ലേതുമേ.
പേടിച്ചൊതുങ്ങണമല്ലോ കൊടുമുടി-
ച്ചൂടും മലയും കൊടുങ്കാററിളകവേ!

## രംഗം നാല്

വേകട—ചെമ്പട

അവലോക്യ വിദൂരതഃ പതിം
ഗുരുചിന്താപരിദൂനമാനസം
അതിശീഘ്രമമും സമേത്യ സാ,
ദയിതാ വാചമുവാച രോഷണാ.

ഹിരോദ്യ:—

മറച്ചുവെച്ചോളു മുഴവനും, പക്ഷേ-
പറയാതെയെല്ലാമറിഞ്ഞുപോയി ഞാൻ.

കപടവേഷക്കാർ കടന്നുവന്നെന്നെ-
ക്കടന്ന വാക്കോതി ശ്ശകാരിക്കുമ്പൊഴും,

തൊഴുന്നു, താഴുന്നു, കിഴിയുന്നു മുമ്പിൽ-
ക്കഴുതയെപ്പോലേ, പുഴുവിനെപ്പോലെ!

മറച്ചുവെയ്ക്കാതെ തുറന്നു ചൊല്ലുന്നേ-
നറച്ചൊരുകാര്യം തികച്ചുമിപ്പൊഴേ:
ഉടനവനെ നീ പിടിച്ചുകൊണ്ടുപോ-
യടയ്ക്കണം തടവിരുമ്പഴിയ്ക്കകം!

ധരാപതിയത്രേ വിളവത്രേ, വീര-
പരാക്രമിയത്രേ, വിചിത്രമെത്രയും!

*　　*　　*　　*

വിഷണ്ണനായ് മൗനം ഭജിപ്പതെന്തു നീ
വിഷമമെന്തിതിൽ, വിശങ്കയെന്തിതിൽ?

രാജാവ്:—

തോടി—ചെമ്പട

ഓമലേ, നീയെൻ കുററങ്ങളെല്ലാം
പ്രേമത്താൽപ്പൊറുത്തീടേണം!
സാപരാധനാണെങ്കിലുമെങ്കൽ-
ക്കോപമരുതേ, വല്ലഭേ!

താമസമില്ല നിന്നഭീഷ്ടങ്ങൾ
കാമദേ, നടത്തിയ്ക്കുവാൻ

ചിന്തിതം നിൻെറ സാധിയ്ക്കും നാളെ
യന്തിയ്ക്കു മുമ്പതേററ ഞാൻ.

ശ്ലോകം. ഘണ്ടാരം — അടന്ത

തതസ്സ രാജാനുനയേന ശാന്താം
കാന്താം സ്വകാന്താം സമധീനകാന്താം
വിസൃജ്യ ചാഹൂയ ച ചാരമുഖ്യ-
മാജ്ഞാപയാമാസ മുനിം നിഹന്തും.

രാജാവ്:—

നേരം കളയാതിതു ചെയ്തീടണ-
മാരുമറിഞ്ഞീടരുതൊരുലേശം:
ആളില്ലാത്തൊരു തക്കംനോക്കി-
പ്പാളിച്ചെന്നു വളഞ്ഞു പതുക്കെ,
ആമംവെച്ചു പിടിച്ചാ ക്കാരാ-
ധാമമണയ്ക്കുക യോഹന്നാനെ.

ചാരൻ:—

കല്യാണി — ചെമ്പട

അവനീനായക, ഭവദീയാജ്ഞകൾ
ശിവമാണെങ്കിലുമല്ലെന്നാലും
നിറവേററീടുവതിന്നു വിരോധം
പറവാനിന്നില്ലവനിയിലാരും

വിരുതൻ മുനിയെബ്ബന്ധിച്ചിവിടെ
തിരുമുമ്പാകെക്കൊണ്ടുവരുമ്പോൾ
അരുകുംമുക്കും നോക്കിപ്പായും
തെരുതെരെജനതതിയഖിലവുമെങ്ങോ!

രാജാവ്:—

ഘണ്ടാരം—മുറിയടന്ത.

അവനുണ്ടത്ഭുതശക്തികളെന്നാ-
യവനിയിലേവരുമോതീടുന്നു;
അതിനാൽ ദ്ദണ്ഡിപ്പിയ്ക്കരുതവനെ,-
ക്കതകും പൂട്ടിക്കാത്താൽപ്പോരും.
തടവിന്നുള്ളിൽ ത്തോന്നിയതെല്ലാം-
തടവില്ലാതെ മുഴക്കിക്കോട്ടെ!

ദണ്ഡകം.

പാരാണ്ട പാപതതി തീരാൻ ശരിയ്ക്കുഗതി
നേരായ ധർമ്മമുരചെയ്യോൻ,
അവിഷയപവിത്രൻ, സുവിമലചരിത്രൻ,
മദനമദവികൃതതരമലിനത കളഞ്ഞുലകിൽ
മികവൊടു വിശുദ്ധി പാകുന്നോൻ;
കോലം ചടച്ചു പടുകാരാഗൃഹത്തിൽ ഗത-
കോപം വസിച്ചിതു വിരക്തൻ,
ഭയരഹിതമനുഗരൊടു സുവചനമുരച്ചുവിടെ
നിയതമതിയവരെ വിനയിച്ചു

ഭ്രപൻ പകച്ചു, പലപാടുംനിനച്ചഹൃദി-
കോപം നിലച്ചു നിരൂപിച്ചു;
ബഹുമതിയുദിച്ചു, കരളതിലുറച്ചു,
ദയിതയൊടുഹൃദയഗതി ചെറവുമരുളാതിരവു
തടവറയിലവനഥഗമിച്ചു.

യോഗ്യന്നനോതിടുവതാഹന്ത! കേട്ടളവു
മോഹാന്ധനാമവനു വാച്ചു
നരകഭയമല്ലം, നൈമിഷവികല്ലം;
പുനരപിച ചല ചപല പരവശതവന്നവനു
മനസി തെളിവിരുളകറ്റം കളിച്ചു!

## രംഗം അഞ്ച്

ഭൈരവി—ചെമ്പട

ശ്രുത്വാ മഹാഷേർമ്മഹതീം വിശുദ്ധിം,
ക്ഷാന്തിം, രിപാവപ്യതുസൗമനസ്യം
സന്തപ്തചേതാ നൃപതിസ്സമേത്യ
കാരാലയം, സാന്ത്വയിതും തമൂചേ.

രാജാവ്:—

ധന്യശീല പൊറുത്തരുളേണ-
മെന്നപരാധചാപലമെല്ലാം.

ബന്ധനാഗാരം തന്നിലെന്നാലും
ബന്ധുരാത്മൻ, അനാമയമല്ലീ?

ഇങ്ങുവന്നുകുശലം ചോദിയ്ക്കു-
മെങ്കലാശിസ്സ തുകുകില്ലല്ലീ ?

യോഹന്നൻ:—

മദ്ധ്യമാവതി—മുറിയടന്ത.

ഹേ, രാജൻ, ആശിസ്സേകാ-നാരാണു ഞാ,നീശൻെറ,
കാരുണ്യം പ്രവചിയ്ക്കാൻ-പ്രേഷിതനൊരുദാസൻ.

വെടിയൂ നീയുടനക്കൊണ്ടു-കൊടിയൊരധമ്മത്തെ-
ത്തുടരൂ ധമ്മത്തിൻെറ-വടിവുററതാം മാഗ്ഗം.
അനുതാപത്താൽ നീറും-മനസ്സാലീശൻകാല്ക്കൽ-
ക്കനിയൂ, സദാശിസ്സ-തനിയേ കൈവന്നീടും

സന്തതം രാജൻ, ഭവാൻ-ധദ്ധമ്മം വരിച്ചെങ്കിൽ-
ബ്ബന്ധുഗേഹം താനാണീ-ബ്ബന്ധനാഗാരം കൂടി!
ഏഴ ഞാൻ സ്വതന്ത്രനീ-ക്കല്ലറയ്ക്കുള്ളിൽപ്പോലു-
മേഴാം മാളികമോളി-ലങ്ങല്ലോ പരതന്ത്രൻ!

തിരികെപ്പോക വേഗം-വിമുക്തി നേടു സ്വയം
ചരിയ്ക്കൂ ധമ്മത്തിൻെറ നിമ്മലമാഗ്ഗത്തിങ്കൽ!=

ശ്ലോകം. നീലാംബരി—ചെമ്പട

കാരാഗൃഹാദചിനിഷ്ക്രമ്യ,
കാമമോഹിതമാനസഃ

കാംക്ഷിതാനുഗുണാം ചിന്താം
കാതരോവാപഭൂപതി:

രാജാവ്:— (വിചാരം)

ഭുവനത്തിൻ വിഷയങ്ങൾ-ഭവനത്തിൽ വിലയങ്ങൾ
ഭജനത്തിന്നധീനങ്ങൾ-ത്യജനത്തിന്നസഹ്യങ്ങൾ!

ഗുരുഭൂതൻ വിധിച്ചാലു-മരുതെന്നാർ കഥിച്ചാലും
പരമോദം തരും കാമം—നരനെന്നും സുഖധാമം.

അവനീസൗഭഗാകാരം-പ്രമദാനാമലങ്കാരം
അവൾതൻപ്രണയാധാരം-ധവനി ഞാൻ ഭാഗ്യതാരം!

അവളേ ഞാൻ ത്യജിയ്ക്കില്ല-ലവവും ശങ്കയിങ്ങില്ല
ദിവസം ഞാൻ കളയില്ല-ഭവസൗഖ്യം വെടിയില്ല!

## രംഗം ആറ്

ആനന്ദഭൈരവി—ചെമ്പട

ഭൂപസ്യ ജന്മർക്ഷദിനേ, സഭായാം
'സലോമി'നാമ്നി, തരുണീവിമുഗ്ദ്ധാ,
ഹിരോദ്യയാ മോദഭരേണ നിതാ
നനർത്ത തന്വീ തനയാ തദീയാ.

നൃത്യഗാനങ്ങൾ.

വിതഥങ്ങൾ, വികാരങ്ങൾ, വിരജങ്ങൾ, വിമലങ്ങൾ
വിഷമങ്ങൾ, വിചാരങ്ങൾ, വിഭയങ്ങൾ, വിഫലങ്ങൾ!
വിരളങ്ങൾ, വിലാസങ്ങൾ, വിഭവങ്ങൾ, വിഹാരങ്ങൾ
വിരസങ്ങൾ, വിരാമങ്ങൾ, വിരതങ്ങൾ, വിരഹങ്ങൾ
വിവലങ്ങൾ, വിവേകങ്ങൾ, വികലങ്ങൾ, വിരാഗങ്ങൾ
വിവൃതങ്ങൾ, വിഷാദങ്ങൾ, ികൃതങ്ങൾ, വിഗ്രണങ്ങൾ

വികസദച്ഛിലാസം വിരിഞ്ഞുനില്ക്കും
വിധുമുഖം വിലയമണഞ്ഞിടുമ്പോൾ,
വിലപിയ്ക്കും കുമുദത്തെയല്ലോ കാണ്മു
വികലന്മാർ ജീവിതസൗഖ്യാന്ധന്മാർ.
അളുനേരം ചിരിതൂകിക്കണ്ണിഴിക്കും
പുഷ്പപത്മം കണ്ടുഞാനാനന്ദിപ്പൂ!
എവിടെ വിഹാര, മനന്താനന്ദ-
മവിടെ ഞാനെത്തുമനവരതം!

തോടി — ആദി

ഭാഗ്യമീലോകത്തിൽ ബ്ഭോഗസൗഖ്യം വരം
ഭോഗ്യമിതൊന്നുതാൻ നാകസൗഖ്യം പരം.
പൂജ്യമീ നിർവ്വാണമില്ലെന്നു വന്നാകിൽ
ത്യാജ്യമീ ജീവിതമാകത്തന്നെ
രാജാവിനെക്കാളും രാജകീയംസുഖം
ഭോജനത്തെക്കാളും ഭോജനീയം

പൂജനത്തേക്കാളും പൂജനീയസുഖ-
മാജന്മമോഹനം കാമസുഖം!
യോഗിനിയല്ലഞാൻ കാടു കേറീടുവാൻ
ത്യാഗിനിയല്ലഞാൻ പിച്ചതെണ്ടീടുവാൻ
നാഗിനിയല്ല കടിച്ചുകൊല്ലാനൊരു
ഭാഗിനി, ഭോഗിനി, രാഗിണി ഞാൻ.
രാജസഭയ്ക്കു നമസ്കരിയ്ക്കുന്നു ഞാൻ
രാജീവകഡ്മളപാണികളാൽ!

ശ്ലോകം. കേദാരഗൗളം.

നൃത്യം വിലോക്യ പരിതുഷ്ടമനാനരേന്ദ്ര-
സ്സംകൃഷ്ടബുദ്ധിരതികാമവിജൃംഭിതോഭൂൽ.
തസ്യൈവിനമ്യ കൃതവാൻ സമഭീഷ്ടദാനം
വിസ്മൃത്യ നൈജപദവിം ഗിരമപ്യവോചൽ

രാജാവ്:—

പനിനീർപ്പൂങ്കവിളേ, നൽ-
പ്പനിമതിവദനേ, കനിഞ്ഞു ഞാൻ നിങ്കൽ
അനിയതമെൻ ധനനിചയം
കുനിയുന്നിതു നിൻ നന്ദത്ത കാൽത്തളിരിൽ
എന്തെന്തൊരഭീഷ്ടം നീ
ചിന്തിതമെന്നോടുണർത്തുമോ, ഭദ്രേ,
സന്തതമതുതന്നീടാ-
മന്തരമില്ലിന്നു, സത്യമെൻവാക്യം.

ശ്ലോകം. അഠാണ—ചെമ്പട

ഏവമുക്താ നൎത്തകീ സാ
മാതുരഭ്യാശമാഗതാ
തയാമന്ത്ര്യ ജഗാദൈനം
രാജാനം സ്മിതമോഹനം.

സലോമി:—

അവിടുന്നരുളിയ വരമിന്നടിയനു
കവിയുംതോഷമണച്ചീടുന്നു.
ചോദിയ്ക്കാമൊരു വരമിന്നടിയൻ
മോദിച്ചവിടുന്നേകീടേണം.
മോഹമിതാ–ണീച്ചഷകം തന്നിൽ
യോഹന്നാൻതൻതല നൽകേണം!

ശ്ലോകം, ദ്വിജാവന്തി—ചെമ്പട

ശ്രുത്വാ സ രാജാശനിപാതസന്നിഭം
ക്രൂരം തദീയം പ്രതികാരവാഞ്ഛികം
അവാപ മൂർച്ഛാം; പുനരത്ര ബോധിതഃ
പ്രാവോചദേനാം പരിമ്ലാനമാനസഃ

രാജാവു്:—

അരുതേ, സുന്ദരി, സാഹസമിങ്ങിനെ–
യരുതേ, ചെയ്യാനൊരുപോഴും.

അപരമഭീഷ്ടം കൈക്കൊള്ളേണം
കൃപ തോന്നേണം, ക്ഷമ വേണം!

ഹിരോദ്യ:—

ശങ്കരാഭരണം-ചെമ്പട

കൊടുത്ത വാക്കുപോൽ കൊടുക്കുകിൽമാത്ര-
മെടുക്കുമല്ലെങ്കിൽ മുഖത്തെറിഞ്ഞീടും
പറഞ്ഞ വാക്കുപോൽ നടക്കുമോ ഭൂപൻ
മുറയ്ക്കുറയ്ക്കണ,മതിന്നറിയണം.
അലയുമത്തെണ്ടിപ്പെറുക്കിയ്ക്കുകൂട്ടം
വിലയെന്താണെങ്കിലതുമറിയണം.
കുലടയെന്നെന്നെപ്പഴിച്ച നാവിനെ-
ത്തുളയ്ക്കണമെനിയ്ക്കിരുമ്പുളുശിയാൽ.

ശ്ലോകം, സാരംഗം—ഝമ്പ

ചിന്താസന്താപിതോപി പ്രിയജനപണിതഃ
കാമിനിക്രീതദാസഃ
കാന്താധീനോ ഹിരോദഃ പ്രകുപിതഹൃദയഃ
പ്രേപ്രീതോ മാനവത്യാ
സാവജ്ഞാനംമഹർഷേന്നിധനമപകൃപം
കർത്തുമിച്ഛംസ്തദാനീം
പ്രൗഢാമാത്യം ന്യയുങ്ക്ത ക്ഷിതിപതിഹതകഃ
കർമ്മണേ ദാരുണായ.

## രംഗം ഏഴ്

സാരംഗം—ചെമ്പട

സചിവേന മുനേർവ്വധേ നിയുക്തൗ
വധശീലാവപി കിങ്കരാവഭൂതാം
നിജകർമ്മവിധാനവീതബോധൌ
ദയനീയാം ഗിരമൂചതുർമ്മിഥശ്ച.

ഒന്നാമൻ:—

വീരമൌലേ, നൃപനിതാ കല്പിയ്ക്കുന്നു;
കാരാഗൃഹത്തിൽപ്പോയ്
ധീരനാം യോഗന്നനെസ്സപദിനാം
ക്രൂരമായ് ക്കൊന്നീടണം!

രണ്ടാമൻ:—

ആസുരമഹോമുനിവധം നമ്മളുടെ
ധൂസരകരങ്ങളിവയാൽ
ഭാസുരശിരോവിദലനം മാപാപം
പാംസുലമതേവധകർമ്മം.
എങ്കിലുമിതുംകർത്തവ്യം നൃപതിയുടെ
കിങ്കരരിതുനാം ചെയ്യൂ.
ശങ്കയിതെന്തിന്നു നമ്മിൽവരില്ലാ
പങ്കമതിന്നു നൃപനല്ലോ.

ഒന്നാമൻ:—

പേടിയെനിയ്ക്കില്ലിയലുന്നു നമ്മളെ ഹാ
കൂടിയെതിർക്കും ജനത
ഓടിയൊളിയ്ക്കട്ടേ ഞാൻ നിങ്ങളുടെ
പാടിനുപോയ്ക്കൊൾക നിങ്ങൾ

രണ്ടാമൻ:—

പററില്ലതു നാം ചെയ്താലരചന്റെ
തെററിനു പാത്രമായിടും.
കൊററവർ ചൊന്നാൽപ്പരിചിനൊട്ടു
മററുവിചാരം വയ്യാ.

## രംഗം എട്ട്

ഭൈരവി—ചെമ്പട

തൗ ദ്വൗ കരാളാസികരൗ വധോദ്യതൗ
കാരാലയം പ്രാപ്യ യമാലയോപമം
യോഹന്നമഭ്യേത്യ ച സാത്വികം മുനിം
സമൂചതുന്നിഷ്ഠുരരാജശാസനം

മല്ലന്മാർ:—

രാജദ്രോഹംമൂലം നീവധ-
ഭാജനമാണെന്നറിയിയ്ക്കുന്നു.
പുംശ്ചലിയെന്നംമററം റാണിയെ
ദുശ്രവദൂഷണമോതിയതില്ലേ?
വധവിധികൊണ്ടാണണവതു ഞങ്ങൾ-
ക്കധികംസമയമധീനവുമല്ല.
തവ ദളിതഗളം കാണിയ്ക്കേണം
നവരുധിരാർദ്രം തിരുമുമ്പാകെ.
അതുകൊണ്ടുടനെയൊരുങ്ങു, വേണ്ടാ
വിധുരത-യതിനാലെന്തൊരുകാര്യം?

യോഹന്നൻ:—

ഭൂപാളം—മുറിയടന്ത

ഇല്ലാ വിധുരത,യില്ലാ വിഭ്രമ-
മില്ലാ സങ്കട, മില്ലാ വൈരം.
ധമ്മം പരിപാലിയ്ക്കാൻ
കമ്മം ചെയ്യതിനേക്കാൾ
ശമ്മദമായും നന്മ നിറഞ്ഞും
മേന്മ തികഞ്ഞും മറെറന്തുള്ളു?
സത്യമുരച്ചും, ധമ്മം ചെയ്തും
കൃത്യംകൊണ്ടു തെളിഞ്ഞവനീ ഞാൻ
അതുമല്ലീശപരജാതൻ കന്യാ-
സുതനെക്കണ്ടും ചരിതാത്ഥൻഞാൻ
നിങ്ങടെകൃത്യം ചെയ്യുകനിങ്ങൾ
സന്തുഷ്ടൻ ഞാൻ, സന്നദ്ധൻ ഞാൻ.

മദ്ധ്യമാവതി

ഏവമുക്ത്വാ നിഷ്കളങ്ക-
സ്മിതാർദ്രോ യതിസത്തമഃ
സന്നദ്ധോഭൂൽ സ്വാമൃതയേ
പ്രാൎത്ഥനാലീനമാനസഃ

കരാളേനാസിനാ താഭ്യാം
പാതിതം വദനം മുനേഃ
രരാജ മന്ദഹാസേന
മൃത്യും പരിഹസന്നിവ.

മംഗളം—(സൌരാഷ്ട്രം)

വിഭിന്നേഷു ധൎമ്മേഷു പൂൎണ്ണം സമാനം
വരം വിശ്വമൂലം പുരാണം പവിത്രം
പരം സ്നേഹരൂപം ച യൽസത്യമേകം
സുനിത്യായ തസ്മൈ കരോമി പ്രണാമം!

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00014755*
T61 N16

## അന്തർജ്ജനകൃത

1. മുകുളം (സമാഹാരം)
2. ചില്ലുവാതിൽ ,,
3. അഗാധനീലിമകൾ ,,
4. മലയാളിച്ചി (ഖണ്ഡകാവ്യം)
5. രമയും മധുവും രാജാവും. ,,
6. ഭവദേവചരിതം (ആട്ടക്കഥ)

### കുട്ടികളുടെ രാമായണം

പ്രേമചന്ദിന്റെ കൃതിയുടെ വിവർത്തനം

—പരിഭാഷാകർത്രി: കെ. എം. സി. ഉമ അന്തർജ്ജനം

### ധ്രുവചരിതം (വടക്കൻ)

പരേതനായ ഒളപ്പമണ്ണമനയ്ക്കൽ വാസുദേവൻ നമ്പൂതിരിപ്പാടെഴുതിയ ആട്ടക്കഥ. ഡാക്ടർ. കെ. ഗോദവർമ്മയുടെ അവതാരികയോടുകൂടിയ 2-ാം പതിപ്പ്.

മംഗളോദയം,

തൃശ്ശൂർ.

# സ്നാപകചരിതം

ആട്ടക്കഥ

ക്രൈസ്തവപുരാണത്തിലെ ഒരു കഥയെ
ആസ്പദമാക്കി രചിച്ചതു്.

—ഒ. എം. സി.

Re. 0. 40

T61
N16

Indic Digital Archive Foundation
gpura.org